# OFFICE OF THE COCHIN DEVASWOM BOARD

**Round North, Thrissur – 680 001**

PH: 2331124, 2327028 FAX : 2335874, 2327029

E-mail. admin @cochindevaswomboard.org


No. A9. 13749/15 Dated: 20/08/2018

## <u>പരസ്യം</u>

കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിൽ സൂക്ഷിച്ചിട്ടുള്ളതും ഉപയോഗ ശൂന്യമായതും, കേടിനത്തിലും ഉൾപ്പെട്ടതായ ഓട്, ചെമ്പ്, പിച്ചള ഉരുപ്പടികൾ 31/08/18, 19/09/18, 4/10/18 എന്നീ തിയ്യതികളിൽ ലേലം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നതാണ്. ചില സാങ്കേതിക കാരണങ്ങളാൽ മേൽപറഞ്ഞ തിയ്യതികളിലെ ലേലം റദ്ദ് ചെയ്തിരിക്കുന്നു.

മേൽപറഞ്ഞ ലേലത്തിനുപകരം കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ ടെണ്ടറുകൾ തൃശ്ശൂർ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ 2018 സെപ്തംബർ മാസം 10-ാം തിയ്യതി 3 pm വരെ സ്വീകരിക്കുന്നതാണ്. ഓട്, ചെമ്പ്, പിച്ചള, ഇരുമ്പ് എന്നിവ ഓരോ ഇനത്തിലും കിലോ ഗ്രാം 1ക്ക് എത്ര രൂപക്ക് എടുത്തുകൊള്ളാം എന്നതിന് നിരക്ക് രേഖപ്പെടുത്തി ടെണ്ടർ സമർപ്പിക്കേണ്ടതാണ്. ടെണ്ടറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 25,000/- രൂപയുടെ DD (തൃശ്ശൂരിൽ മാറാവുന്നത്) സ്പെഷ്യൽ ദേവസ്വം കമ്മീഷണർ, തൃശ്ശൂർ എന്ന പേരിൽ സമർപ്പിക്കേണ്ടതാണ്. EMD അടക്കം ചെയ്യാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്. കൂടുതൽ തുകയ്ക്ക് ടെണ്ടർ കൊണ്ട വ്യക്തി ഒഴികെ മറ്റു വ്യക്തികളുടെ നിരതദ്രവ്യം സംഖ്യ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ മടക്കി നല്കുന്നതാണ്.

ടെണ്ടർ അംഗീകരിച്ചു കഴിഞ്ഞാൽ, മേൽപറഞ്ഞ ഉരുപ്പടികൾ തൃശ്ശൂരിലുള്ള ബി 11 ദേവസ്വം ക്വാർട്ടേഴ്സിൽ നിന്നും ടെണ്ടർ ലഭിച്ച വ്യക്തിക്ക്/സ്ഥാപനത്തിന് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് സ്വന്തം ഉത്തരവാദിത്വത്തിൽ ഏറ്റെടുത്ത് കൊണ്ടുപോകേണ്ടതാണ്. ഏറ്റെടുത്ത തൂക്കത്തിന് സംഖ്യ(GST അടക്കം) തൃശ്ശൂരിൽ മാറാവുന്ന DD or RTGS or NEFT പ്രകാരം സംഖ്യ ദേവസ്വം അക്കൗണ്ടിലേക്ക് ഉരുപ്പടികൾ

കൊണ്ടുപോകുന്നതിനമുമ്പ് ഒടുക്കേണ്ടതാണ്. ടെണ്ടർ നിരക്ക് അംഗീകരിക്കുന്ന വ്യക്തി/സ്ഥാപനം തൃപ്രയാർ, കൊടുങ്ങല്ലൂർ, ചോറ്റാനിക്കര, രവിപുരം തുടങ്ങിയ ക്ഷേത്രങ്ങളിൽ സൂക്ഷിച്ചിട്ടുള്ള ഉരുപ്പടികൾ മേൽപറഞ്ഞ സ്ഥലങ്ങളിൽ പോയി തൂക്കം നോക്കി നിയമാനുസൃതമായ നികുതി അടക്കം സംഖ്യ ദേവസ്വത്തിൽ അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ കൊണ്ടുപോകേണ്ടതാണ്.

ടെണ്ടറുകൾ അന്നേ ദിവസം 3 മണിക്കുശേഷം ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ടെണ്ടർ സംഖ്യ ദേവസ്വത്തിന ഗുണകരമല്ലാത്ത സാഹചര്യത്തിൽ ടെണ്ടർ റദ്ദ് ചെയ്യാനും , മറ്റു യുക്തമായ തീരുമാനം എടുക്കാനുമുള്ള അധികാരം താഴെ ഒപ്പ് വെക്കുന്ന മേലാധികാരിയിൽ നിക്ഷിപ്തമായിരിക്കും. ടെണ്ടറുകൾ ഓരോ ഇനത്തിലും ഒരു കിലോ ഗ്രാമിനുള്ള നിരക്ക് എന്ന രീതിയിൽ രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടർ അംഗീകരിക്കുന്ന വ്യക്തി ഉരുപ്പടികൾ തൂക്കം നോക്കി ബോധ്യപ്പെട്ട് നിയമാനുസൃതമായ നികുതിതികൾ അടക്കം സംഖ്യ മുഴുവനായും ദേവസ്വത്തിലടച്ച് കൊച്ചിൻ ദേവസ്വം ബോർഡ് ഉത്തരവ് ലഭിക്കുന്ന മുറക്ക് ഉരുപ്പടികൾ സ്വന്തം ഉത്തരവാദിത്വത്തിൽ കൊണ്ടുപോകേണ്ടതാണെന്നും അറിയിക്കുന്നു. ഈ ടെണ്ടർ നിരക്കിന്റെ കാലാവധി ടെണ്ടർ തീയ്യതി മുതൽ 6 മാസം വരെ ഉണ്ടായിരിക്കും.

ഈ ടെണ്ടറിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിന ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

(ഒപ്പ്)
സ്പെഷ്യൽ ദേവസ്വം കമ്മീഷണർ
കൊച്ചിൻ ദേവസ്വം ബോർഡ്